

എല്ലാ മാസത്തെയും ഒന്നാം തീയതി ഈശോ ആനിലൂടെ തന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ദൗത്യത്തിന് ഒരു പുതിയ സന്ദേശം നല്കുന്നു.

ഡിസംബർ 1, 2011

ഈശോ

പ്രിയപ്പെട്ട അപ്പസ്തോലരെ, വളരെ പ്രത്യാശയോട് കൂടിയാണ് ഞാൻ ഇന്ന് നിങ്ങളുടെ അരികിലേയ്ക്ക് വരികയും ഈ വാക്കുകൾ എന്റെ ഹൃദയത്തിൽ നിന്നും സംസാരിക്കുകയും ചെയ്യുന്നത്. നിങ്ങളെക്കുറിച്ചുള്ള എന്റെ പദ്ധതികൾ ഫലമണിയുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. നിങ്ങൾ ശക്തരാകണമെന്ന് ഞാൻ പ്രതീക്ഷിക്കുന്നുണ്ടോ? നിങ്ങൾ പ്രാധാന്യമർഹിക്കുന്നവരാണെന്നും? ലോകത്തിന്റെ കണ്ണുകളിൽ നിങ്ങൾ വലിയ സമ്പന്നരും വളരെ സ്വാധീനവുമുള്ളവരാണെന്ന് ഞാൻ ആവശ്യപ്പെടുന്നുണ്ടോ? നിങ്ങളുടെ ബലഹീനതകൾ മൂലം എന്റെ പദ്ധതികൾ ദുർബ്ബലമാവുകയോ ഓരോ നിമിഷവും വിശുദ്ധിയിൽ നിലനിൽക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുകയോ ചെയ്യുന്നുണ്ടോ? എനിക്ക് മാലാഖമാരെ മാത്രമേ ആവശ്യമുള്ളോ?  അല്ലെങ്കിൽ കൃത്യസ്ഥലത്ത് ഞാൻ നിയോഗിച്ച നല്ല മനസ്ഥിതിയുള്ള അപ്പസ്തോലരെയാണോ എനിക്ക് വേണ്ടത്? നിങ്ങളിലൂടെയും നിങ്ങൾക്കു ചുറ്റും സംഭവിക്കുന്ന കാര്യങ്ങളെയും കുറിച്ച് പരിമിതമായ അറിവ് വച്ച് പരിലസിക്കുവാനും നിലനില്ക്കുവാനുമാണ് നിങ്ങൾ സൃഷ്ടിക്കപ്പെട്ടത്. അതെ, പ്രിയപ്പെട്ട അപ്പസ്തോലരെ, ഞാൻ പ്രത്യാശയുള്ളവനാണ്. നിങ്ങൾ എന്റെ സ്നേഹം സ്വീകരിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ദിവസം തോറും നിങ്ങൾക്കു സൗഖ്യം നൽകുവാൻ നിങ്ങൾ എന്നെ അനുവദിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. അനുദിനം നിങ്ങൾ കണ്ടുമുട്ടുന്ന വ്യക്തികൾക്ക് നിങ്ങളിലൂടെ മറ്റുള്ളവരെ സ്നേഹിക്കുവാനും സുഖപ്പെടുത്തുവാനും എനിക്കു സാധിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. പ്രത്യക്ഷമായും പരോക്ഷമായും എന്നെ അറിയുവാനുള്ള ധാരാളം അനുഗ്രഹങ്ങൾ ഞാൻ നിങ്ങൾക്ക് നൽകുന്നു. ചിലപ്പോഴൊക്കെ, ഈ ദാനങ്ങൾ നേരിട്ട് നിങ്ങളുടെ ആത്മാവിൽ വർഷിക്കുന്നു. ചിലപ്പോൾ മറ്റുള്ളവരുടെ ആത്മാവിലൂടെ ഈ ദാനങ്ങൾ നിങ്ങൾക്ക് ലഭിക്കുന്നു. ചിലപ്പോൾ ഈ ദാനങ്ങൾ സ്വീകരിക്കുന്ന വ്യക്തിയും ചിലപ്പോൾ എന്റെ ദാനങ്ങൾ മറ്റുള്ളവർക്ക് കൊടുക്കുന്ന വ്യക്തിയുമാണ് നിങ്ങൾ എന്ന് ഞാൻ പറയുന്നു. നാം വളരെ ഐക്യപ്പെട്ടിരിക്കുന്നു, നീയും ഞാനും. ഇപ്പോൾ നാം ഒരുമിച്ചായിരിക്കുകയും, നിങ്ങളുടെ ഈ ഭൂമിയിലെ ജീവിതം അവസാനിക്കുകയും ചെയ്യുമ്പോൾ മനസിലാകും എത്രമാത്രം ഒരുമിച്ചാണ് ഞാൻ നിങ്ങളോടൊപ്പം പ്രവർത്തിച്ചതെന്ന്. നിങ്ങളിലൂടെ മറ്റുള്ളവരെ ഞാൻ അനുഗ്രഹിച്ചതിന്റെ വ്യാപ്തി എത്രയെന്ന് മനസിലാക്കുമ്പോൾ നിങ്ങൾ വളരെയധികം സന്തോഷിക്കും. പ്രിയപ്പെട്ട സ്നേഹിതരെ, പുൽക്കൂട്ടിലെ ഒരു ശിശുവായി ഞാൻ ക്രിസ്മസിനു വരുമ്പോൾ നിങ്ങൾ ആഹ്ലാദിക്കും. ഓരോ പ്രാവശ്യവും, നിങ്ങൾ എന്നോട് സഹകരിക്കുമ്പോൾ, യഥാർത്ഥത്തിൽ, മനസ്സിലാക്കുക, നിങ്ങൾ എന്നെ ലോകത്തിലേക്ക് ആനയിക്കുകയാണ്. നിങ്ങളുടെ വിശ്വസ്ഥത നിമിത്തം മറ്റുള്ളവർ അനുഗ്രഹിക്കപ്പെടുന്നതു കാണുമ്പോൾ ആഹ്ലാദത്തിന്റെ വ്യാപ്തി നിങ്ങൾക്ക് മനസിലാകും. അതെ, നിങ്ങളുടെ ശിശുവായ രാജാവ് സ്വർഗ്ഗീയമായ പ്രത്യാശയോടെ നിങ്ങളുടെ അരികിലേക്ക് വരുന്നു. പ്രിയങ്കരരായ അപ്പസ്തോലരെ, നിങ്ങൾക്ക് ചുറ്റുമുള്ള സാഹചര്യങ്ങൾ കണക്കിലെടുക്കാതെ ഈ പ്രത്യാശ മറ്റുള്ളവരിലേക്ക് കൊടുക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു.

## നമ്മുടെ കാലത്തിനുള്ള മാർഗദർശനം

**അത്മായ അപ്പസ്തോലയായ ആനിന് നൽകപ്പെട്ടത്.**

Dr. Sunny George
Mob : 940 076 4696
E-mail : geosunny@gmail.com

കൂടുതൽ വിവരങ്ങൾക്ക്:
www.directionforourtimes.com